# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4735 14.11.2019 ൽ മറുപടിക്ക്**

## കൽപ്പറ്റ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. സി. കെ. ശശീന്ദ്രൻ

എ) കൽപ്പറ്റ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എവിടെയെല്ലാം ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളുണ്ടെന്ന് അറിയിക്കാമോ;

ബി) ഇത്തരത്തിലുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടുനല്കണമെന്ന് ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

സി) 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽനിന്നും പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കുമാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

ഡി) കൂടോത്തുമ്മൽ-ചീക്കല്ലൂർ-കാവടം പാലം അപ്രോച്ച് റോഡിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഈ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് അറിയിക്കാമോ?

**ഉത്തരം**

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) ബി) സി) & ഡി) കൽപ്പറ്റ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ ലക്കിടിയുടെ അധികാര പരിധിയിൽപ്പെടുന്ന മേപ്പാടി-ചൂരൽമല റോഡിൽ മീനാക്ഷി പാലത്തിന് സമീപമുള്ള പൊതുമരാമത്ത് വകുപ്പ് വക സ്ഥലം ലഭ്യമാണ്. അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടു നൽകുന്നതിന് പി. സൈനുദ്ദീൻ, പത്തൂർവാട്, താഞ്ഞിലോട്, മേപ്പാട് എന്നിവരിൽ നിന്നും കത്ത് ലഭിച്ചിരുന്നു. റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലം റോഡ് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളതിനാൽ പൊതുമരാമത്ത് സർക്കുലർ നമ്പർ 20541/സി3/09 തീയതി 30.09.2009 പ്രകാരം വിട്ടു നൽകാൻ സാധിക്കില്ല എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കെട്ടിടം വിഭാഗത്തിനു കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ വൈത്തിരി താലൂക്ക് കുന്നത്തിടവക വില്ലേജിൽ സർവ്വെ നം. 194/3 ൽ 4.25 ഏക്കർ ഭൂമിയിൽ ലക്കിടി നിരത്തുകൾ സെക്ഷൻ ഓഫീസ്, ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസ്, ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്ന സ്ഥലം കഴിച്ച് ബാക്കി സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഈ സ്ഥലം സ്റ്റേഷനറി ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ സ്റ്റേഷനറി ഓഫീസർ 21.06.2016ന് അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി

മാനന്തവാടി സബ് കളക്ടർ 0.0405 ഹെക്ടർ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് 21.05.2015 ന് കത്ത് നൽകുകയുണ്ടായി. എന്നാൽ ഈ സ്ഥലം മരാമത്ത് വകുപ്പിന്റെ തന്നെ വിവിധ കെട്ടിടങ്ങൾ നിർമ്മിക്കാൻ ആവശ്യമാണെന്ന് സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമി 2.5 ഏക്കർ ലൈഫ് മിഷനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനത്തിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന് വിട്ട് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് 25 വർഷത്തേക്ക് ആവശ്യമായി വരുന്നതാണോ എന്ന വിഷയത്തിലെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

പാലങ്ങൾ വിഭാഗത്തിനു കീഴിൽ തുർക്കി പാലത്തിന്റെ നിർമ്മാണത്തിനായി 497 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചിക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് 675 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**